04 /DGE /HSE /NSS /2022

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
നാഷണൽ സർവ്വീസ് സ്കീം,
(ഹയർ സെക്കൻഡറി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം.
04712323023
dhsensskerala@gmail.com

തീയതി : 07 / 01 / 2021

# സർക്കുലർ

വിഷയം : സപ്തദിന സഹവാസ ക്യാമ്പ് സംഘാടകരെ അഭിനന്ദിച്ചുകൊണ്ടും ക്യാമ്പ് വിലയിരുത്തൽ സംബന്ധിച്ചും

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ എൻ.എസ്.എസ് ക്യാമ്പ് വിജയകരമായി പൂർത്തീകരിച്ച പ്രോഗ്രാം ഓഫീസർമാർ, പ്രിൻസിപ്പൽമാർ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ, വോളന്റീയർമാർ,ക്യാമ്പിനായി വിദ്യാലയ സൗകര്യങ്ങൾ ലഭ്യമാക്കിയ പ്രധാനാദ്ധ്യാപകർ, പി.ടി.എ , മാനേജ്മെന്റ് എന്നിവരെ അഭിനന്ദിക്കുന്നു.

ക്യാമ്പിന്റെ ഭാഗമായി ഏറ്റെടുത്ത ഹരിതം, നാമ്പ്, ഉദ്ബോധ്, തനതിടം, കൃഷിയിടം പ്രവർത്തനങ്ങൾ കാലിക പ്രാധാന്യമുള്ളതും തുടർ പ്രവർത്തനം ആവശ്യമുള്ളവയുമാണ്. പ്രസ്തുത പ്രവർത്തനങ്ങൾ റഗുലർ ആക്റ്റിവിറ്റിയിൽ നിശ്ചിത വിഭാഗങ്ങളിൽ ഉൾപ്പെടുത്തി ഫോളോ-അപ്പ് ചെയ്യേണ്ടതാണ്.

ഓരോ ക്ലസ്റ്ററിൽ നിന്നും മികച്ച തനതിടം, പി.എ.സി മാരുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കുകയും അവയിൽ നിന്നും ജില്ലാതലത്തിൽ മികച്ചതിനെ തിരഞ്ഞെടുക്കുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ജില്ലാതലത്തിൽ മികച്ച ഒന്നിന് എന്ന രീതിയിൽ 16 എൻ.എസ്.എസ് ജില്ലകളിലും ഓരോന്ന് എന്ന രീതിയിൽ സംസ്ഥാന തല സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

ക്ലസ്റ്റർ-ജില്ലാ തല തെരഞ്ഞെടുപ്പിനായി മറ്റു അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. തെരഞ്ഞെടുപ്പിനായി ആകർഷകത്വം, സൃഷ്ടിപരത, വൈവിധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ നിശ്ചയിക്കാവുന്നതാണ്.

ക്യാമ്പിന്റെ പദ്ധതികളും ഓറിയന്റേഷനുകളും സംബന്ധിച്ച റിപ്പോർട്ട് പി.എ.സി.മാർ ജനുവരി പത്തിനകം ജില്ലാ കൺവീനർമാർക്ക് ഇംഗ്ലീഷിൽ വേർഡ് ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്. ടി റിപ്പോർട്ട് ജില്ലാ തലത്തിൽ ക്രോഡീകരിച്ച് ജനുവരി 12 നകം റീജിയണൽതലത്തിലും, റീജിയണൽ തല ക്രോഡീകരണം നടത്തി ജനുവരി 15 നകം സംസ്ഥാന സെല്ലിൽ സമർപ്പിക്കേണ്ടതുമാണ്. ഇതിനായി അതാത് മീഡിയാസെല്ലുകളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. റിപ്പോർട്ടിനോടൊപ്പം മികച്ച ആക്ഷൻ ഫോട്ടോകളും ഉൾപ്പെടുത്തേണ്ടതാണ്.

ഡോ. ജേക്കബ് ജോൺ
പ്രോഗ്രാം കോ - ഓർഡിനേറ്റർ